പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1173 31.10.2019 ൽ മറുപടിക്ക്

മുണ്ടൂർ മുതൽ പുറ്റേക്കര വരെ സ്ഥലമേറ്റെടുക്കൽ നടപടി

ചോദ്യം

ശ്രീ. അനിൽ അക്കര

എ) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ കണ്ടിജൻസി ചാർജ്ജ് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

ബി) ഇല്ലെങ്കിൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ. ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) & ബി) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായി തൃശ്ശൂർ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടായിരുന്നു ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. എന്നാൽ ടി തുക അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി ടി പ്രൊപ്പോസലിൽ ഉള്ളടക്കം ചെയ്തിരുന്നില്ല. ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാനായി ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതുമരാമത്ത്(ജി) വകുപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കാറായ ദിവസങ്ങളിൽ ലഭിച്ച പ്രൊപ്പോസലിൽ 2018-19 ലെ bill IDയാണുള്ളത്. ടി പ്രൊപ്പോസലിന് ആവശ്യമായ ഭരണാനുമതി, നടപ്പ് സാമ്പത്തിക വർഷത്തിലെ bill ID എന്നിവ ലഭ്യമായാലുടൻ ഫയൽ ധനകാര്യ വകുപ്പിനയച്ച് ടി തുക തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ